பீஸ் பூமாவும் பிரித்துக் கொண்டிருக்கிறார்கள் என்பது சர்க்காருக்குத் தெரியவருமா ?

ஸ்ரீ. பனம்பிள்ளி கோவிந்த மேனோன்: தெரியவில்லை.

ശ്രീ. ഇട്ടീര അയ്യക്കൻ: കൊച്ചിയിലേയും തിരുവിതാംകൂറിലേയും ഫീസ്സുകളും സമീകരിക്കുന്നതിനു് വല്ല ആലോചനയും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സമീകരിക്കുന്നതു കൊണ്ടു് വലിയ ഗുണമുണ്ടെന്നു തോന്നുന്നില്ല.

ஸ்ரீ. ஏ சிதம்பாநாத நாடார்: நாடார் பெண்களுக்கு பீஸ் சௌஜன்யம் நிலவிலிருக்க, சில பள்ளிக்கூடங்களில் முழு பீசும் வசூலிக்கப்படுவதைத் தடுக்க சர்க்கார் ஏதாவது செய்யுமா ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഒന്നും ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഫീസ്സു സമീകരിക്കാനുള്ള വിഷമം എന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിഷമമൊന്നുമില്ല.

വ്യയസ്സങ്കോചനം

* ൪൧൨. (൮൩) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെയായി വല്ല വ്യയസ്സങ്കോചനവും വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുമൂലം ഗവൺമെണ്ടിനു് എത്ര സംഖ്യ ലാഭമുണ്ടാകും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) കൊല്ലത്തിൽ ൪,൪൫,൦൦൦ രൂപാ.

ശ്രീ. കെ. കെ. വിശ്വനാഥൻ: വ്യയസ്സങ്കോചനം സംബന്ധിച്ചു് പറയത്തക്ക വല്ല ഉദ്യോഗങ്ങളും സൃഷ്ടിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പല ഉദ്യോഗങ്ങളും കുറച്ചിട്ടുമുണ്ടു്. അത്യാവശ്യമായി തോന്നിയ ചില ഉദ്യോഗങ്ങളും സൃഷ്ടിച്ചിട്ടുമുണ്ടു്.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: ഈ നാലു ലക്ഷത്തിൽ ചിലവാനം രൂപാ ഏതു കൊല്ലത്തിലാണു് കുറവുണ്ടായതു്?

ശ്രീ. എ. ജെ. ജോൺ: ൧൯൫൯—൬൦-ൽ.

ഭവനനിർമ്മാണ പദ്ധതി

* ൪൧൩. (൮൭) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഭവനനിർമ്മാണ പദ്ധതിയനുസരിച്ചു്, വീടുകൾ പണിയുന്നതിനു ഇക്കൊല്ലം തെരഞ്ഞെടുത്തിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാം;

(ബി) ഈ പദ്ധതി അനുസരിച്ചു ഇതുവരെ ആകെ എത്ര വീടുകൾ പണിതിട്ടുണ്ടു്;

(സി) പ്രസ്തുത വീടുകൾക്കു് ശരാശരി എത്രകൊല്ലത്തെ ആയുസ്സു കിട്ടും?

LIBRARY ARCHIVES Kerala Legislative Assembly